പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3840 — 19.02.2013 ൽ മറുപടിക്ക്

## സ്വാശ്രയ മെഡിക്കൽ മാനേജ്മെന്റുകൾ നടത്തിയ അഴിമതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ഡോ. ടി.എം. തോമസ് ഐസക്<br>ശ്രീ. സി. കൃഷ്ണൻ<br>,, റ്റി. വി. രാജേഷ് | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | |
| (എ) | സർക്കാരുമായുള്ള കരാർ ഉപേക്ഷിച്ച സ്വാശ്രയ മെഡിക്കൽ കോളേജ് മാനേജ്മെന്റുകൾ മെഡിക്കൽ വിദ്യാർത്ഥി പ്രവേശനത്തിന് സീറ്റ് കച്ചവടം വഴി അഴിമതി നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: | (എ) | 2012-13 അദ്ധ്യയന വർഷത്തെ എം.ബി.ബി.എസ്. പ്രവേശനത്തിൽ കരുണാ മെഡിക്കൽ കേളേജ്, പാലക്കാട്, കണ്ണൂർ മെഡിക്കൽ കോളേജ്, കണ്ണൂർ എന്നീ സ്വാശ്രയ മെഡിക്കൽ കോളേജുകൾ മെരിറ്റ് മാനദണ്ഡം അട്ടിമറിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ആരോഗ്യ സർവ്വകലാശാലയുടെ അന്വേഷണ കമ്മീഷൻ കണ്ടെത്തിയതായ ഗുരുതരമായ ക്രമക്കേടുകൾ സംബന്ധിച്ച് പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | ഇല്ല. |
| (സി) | കണ്ണൂർ അഞ്ചരക്കണ്ടി സ്വാശ്രയ മെഡിക്കൽകോളേജിലും പാലക്കാട് ചിറ്റൂർ കരുണ മെഡിക്കൽ കോളേജിലും, കരാറിൽ നിന്നും പിൻവാങ്ങിക്കൊണ്ട് യോഗ്യതാ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് മെഡിക്കൽ പ്രവേശനം നടത്തിക്കൊണ്ട് എത്ര കോടി രൂപയുടെ അഴിമതി നടത്തിയതായിട്ടാണ് പോലീസ് അന്വേഷണത്തിൽ വെളിവായിരി ക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) യും (ഡി) യും | കേസ് രജിസ്റ്റർ ചെയ്തിട്ടില്ലാത്തതിനാൽ പോലീസിൽ വിവരം ലഭ്യമല്ല. |
| (ഡി) | അപേക്ഷിച്ചിട്ടില്ലാത്തവർക്കും മുഹമ്മദ് കമ്മറ്റിയ്ക്ക് വ്യാജരേഖ നൽകികൊണ്ട് വിദ്യാർത്ഥി പ്രവേശനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച അന്വേഷണം ഏതുവരെയായി? | | |

സെക്ഷൻ ഓഫീസർ